പൊലീസ് രക്തസാക്ഷി ദിനാചരണത്തിന്റെ ഭാഗമായി കോഴിക്കോട് റൂറൽ ജില്ലാ പൊലീസ് തയ്യാറാക്കിയ 'സ്മൃതി ഗീതം' വീഡിയോ ആൽബത്തിന്റെ പിന്നണി പ്രവർത്തകരെ റൂറൽ ജില്ലാ പൊലീസ് അനുമോദിച്ചു. ഗാനരചയിതാവും നർക്കോട്ടിക് സെൽ ഡിവൈഎസ്പിയുമായ കെ അശ്വകുമാർ, സംഗീത സംവിധായകൻ വിദ്യാധരൻ, പിന്നണി ഗായകൻ കൊല്ലം അഭിജിത്ത്, വീഡിയോ ആൽബം സംവിധാനം ചെയ്ത തേജസ് പെരുമണ്ണ, ക്യാമറാമാൻ ജയപ്രകാശ് നമ്പ്യാലത്ത് എന്നിവരെയാണ് അനുമോദിച്ചത്.

കിണറ്റിൽ വീണ അഞ്ചു വയസുകാരിയെ രക്ഷപ്പെടുത്തിയ ചീനംവീട് യുപിസ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥി എസ് അലനേയും ചടങ്ങിൽ അനുമോദിച്ചു. ജില്ലാ പൊലീസ് മേധാവി ജി ജയ്ദേവ് ഉപഹാരം നൽകി.



നന്ദകുമാർ, ഡിവൈഎസ്പിമായ കെ ഇസ്മായിൽ, എ പി ചന്ദ്രൻ, സുനിൽകുമാർ, എ വി ജയൻ, മുഹമ്മദ്എന്നിവർ സംസാരിച്ചു.



എസ് അലന് ജില്ലാ പൊലീസ് മേധാവി ജി ജയദേവ് ഉപഹാരം നൽകുന്നു